# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 234** **23-01-2025 - ൽ മറുപടിയ്ക്ക്**

## കാൻസർ ചികിത്സാ കേന്ദ്രം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഉണങ്ങിലകടവിൽ 2010 ഡിസംബർ 18-ന് കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിന് സൗജന്യമായി സർക്കാരിന് വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും മൂന്ന് നിലക്കെട്ടിടവും ഉപയോഗപ്പെടുത്താൻ പതിനാല് വർഷങ്ങൾക്കിടയിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മാവൂർ ക്യാൻസർ സെന്ററിനെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് കീഴിലുള്ള ഒരു ക്യാൻസർ സ്ക്രീനിംഗ് സെന്ററായി മാറ്റുന്നതിന് 05/08/2016 – ലെ സ.ഉ(സാധാ)2174/2016/ ആ.കു.വ പ്രകാരം സർക്കാർ തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് ക്യാൻസർ കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സ്റ്റാഫിനെ നിയമിക്കാനും അനുബന്ധ പദ്ധതികൾ സമർപ്പിക്കാനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനെയും നാഷണൽ ഹെൽത്ത് മിഷനെയും ഏൽപ്പിക്കാൻ 06/02/2021 – ൽ കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ക്യാൻസർ കെയർ സെന്ററിലെ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് വേണ്ടി പൊതുമരാമത്ത് വിഭാഗത്തെ ചുമതലപ്പെടുത്തിയും പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിരുന്നു. ക്യാൻസർ കെയർ സെന്റർ പ്രാവർത്തികമാക്കുന്നതിലേക്കായി ഒരു കോടി രൂപ 4210-03-105-92-PV എന്ന മൂലധന ശീർഷകത്തിൽ വകയിരുത്തി 23/03/2022 – ലെ സ.ഉ(സാധാ) 663/2022/ആ.കു.വ പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ആരോഗ്യ-വനിത-ശിശു വികസന വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 23/03/2022 -ൽ കൂടിയ യോഗത്തിൽ ചർച്ച ചെയ്തിരുന്നു. പ്രസ്തുത യോഗതീരുമാനത്തിന്റെ കൂടി അടിസ്ഥാനത്തിൽ മലബാർ ക്യാൻസർ സെന്ററുമായും പ്രദേശത്തെ മറ്റ് ഓങ്കോളജി സംവിധാനങ്ങളുമായും കൂടിയാലോചിച്ച് ഇക്കാര്യത്തിലുള്ള ഒരു റിപ്പോർട്ട് തയാറാക്കി സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദേശം നൽകിയതിനെത്തുടർന്ന് കോഴിക്കോട് സർക്കാർ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഒരു യോഗം ചേരുകയുണ്ടായി. തുടർന്ന് കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവ് പ്രദേശത്ത് സർക്കാരിനു സൗജന്യമായി ലഭിച്ച ഭൂമിയിൽ ഇതുവരേയും മെഡിക്കൽ കോളേജിന്റെ ഒരു ക്യാൻസർ കെയർ യൂണിറ്റ് ആരംഭിക്കാത്തതിനാലും, 23-03-2022 ലെ ബഹു: ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നടത്തിയ യോഗ തീരുമാനമനുസരിച്ച് എൻ.എച്ച്.എം ഒരു കോടി രൂപ ചെലവഴിച്ച് പ്രസ്തുത സ്ഥലത്ത് അടിസ്ഥാന സൗകര്യം ഒരുക്കിയതിനാലും, 24-09-2024 - ൽ ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്ത് ടി സ്ഥലം ഏറ്റെടുത്തു സൊസൈറ്റി രൂപീകരിച്ചു തുടർ പ്രവർത്തനം നടത്താൻ തീരുമാനിക്കുകയും, അതിനായി ടി ഭൂമി മലബാർ കാൻസർ കെയർ സെന്ററിന് നൽകിയ ലീസ് കരാറും കോഴിക്കോട് മെഡിക്കൽ കോളേജിനു അനുവദിച്ച സർക്കാർ ഉത്തരവും റദ്ദ് ചെയ്ത് ജില്ലാ പഞ്ചായത്തിന് സ്ഥലം ലീസിനു വിട്ടു നൽകുന്നതിന് ജില്ല കലക്ടർ മുഖേന സർക്കാരിലേക്ക് അപേക്ഷ നൽകാൻ തീരുമാനിക്കുകയും ചെയ്തിരുന്നു എന്ന വിവരം പ്രിൻസിപ്പൽ അറിയിച്ചിരുന്നു. 24.09.2024-ന് ചേർന്ന യോഗത്തിൽ സ്വീകരിച്ച തീരുമാന പ്രകാരം 2012-ന് പ്രസ്തുത ഭൂമിയും കെട്ടിടവും തലശ്ശേരി മലബാർ ക്യാൻസർ സെന്റർ എന്ന സ്ഥാപനത്തിന് 30 വർഷത്തേക്ക് നൽകിയ ലീസ് ഉത്തരവും, 2016 ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രസ്തുത ഭൂമി കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറിയ ഉത്തരവും റദ്ദ് ചെയ്യുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്ക് കോഴിക്കോട് ജില്ലാ കളക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ റദ്ദ് ചെയ്തതിനു ശേഷം, കോഴിക്കോട് ജില്ലാ പഞ്ചായത്തിന് പ്രസ്തുത ഭൂമി ലീസ് വ്യവസ്ഥയിൽ വിട്ടുനൽകുന്നതിനായി ലഭ്യമായ അപേക്ഷയിൽ തുടർ നടപടി കോഴിക്കോട് ജില്ലാ കളക്ടർ സ്വീകരിക്കുന്നതാണ്. |
| (ബി) | കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കാൻസർ കെയർ സൊസൈറ്റിക്ക് പ്രസ്തുത സ്ഥലവും കെട്ടിടവും വിട്ടുനൽകി ആയത് ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ